# പോലീസ് വകുപ്പ്

# കേരളം

**No.A2-7001/2018/A**

ജില്ലാ പോലീസ് ഓഫീസ്,

ആലപ്പുഴ

spalpy.pol@kerala.gov.in

04772239326

തീയതി.19-09-2018

എ.ഡി.ഓ **477/2018**

വിഷയം : ശ്രീതി ആരിഷാ ബീഗത്തെ ഓഫീസ് അറ്റൻഡന്റായി ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്

സൂചന : 1. കേരള പബ്ലിക് സർവീസ് കമ്മീഷൻ, ആലപ്പുഴ ജില്ലാ ഓഫീസറുടെ 12/07/2018 -ലെ Advice No ARI (2) 1910/2014 - XI നമ്പരായ ശുപാർശ കത്ത്

2. 30/08/2018-ലെ സംസ്ഥാന പോലീസ് മേധാവിയുടെ E7-40860/2017/PHQ നമ്പരായ കത്ത്

3. ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ 03/09/2018 -ലെ ഇതേ നമ്പരായ ഉത്തരവ്

ആലപ്പുഴ ജില്ലാ പോലീസ് കാര്യാലയത്തിലെ നിലവിലുള്ള ഓഫീസ് അറ്റൻഡൻറ് ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് സൂചന-1 പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ, ആലപ്പുഴ ജില്ലാ ആഫീസർ അയച്ചു തന്ന നിയമന ശുപാർശയിൽ പറയുന്ന ശ്രീമതി ആരിഷാ ബീഗം, കാവിളയിൽ, കടത്തൂർ, കെ എസ് പുരം പി.ഓ, കൊല്ലം എന്ന മേൽവിലാസക്കാരിയെ സൂചന 3 പ്രകാരം നിയമന ഉത്തരവ് നൽകിയിരുന്നു. ടിയാൾ 10/09/2018 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ആവശ്യമായ രേഖകൾ സഹിതം ഹാജരായിട്ടുള്ളതാണ്. ടിയാൾ ഹാജരാക്കിയ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, ആരോഗ്യസ്ഥിതി എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോധ്യപ്പെട്ട സാഹചര്യത്തിൽ, ടി മേൽവിലാസക്കാരിയെ ആലപ്പുഴ ജില്ലാ പോലീസ് കാര്യാലയത്തിലെ നിലവിലുള്ള ഓഫീസ് അറ്റൻഡൻറ് ഒഴിവിൽ 16500-35700 രൂപ ശമ്പള നിരക്കിൽ 10/09/2018 പൂർവ്വാഹ്നം മുതൽ ഓഫീസ് അറ്റൻഡന്റായി ജോലിയിൽ പ്രവേശിപ്പിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഈ നിയമനം തികച്ചും താത്കാലികവും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 14/01/2010-ലെ സ.ഉ.(പി) നം.41/2010 ഉ.ധ.പ.വ ഉത്തരവനുസരിച്ച് പി എസ് സിയുടെ വെരിഫിക്കേഷനും വിധേയമാണ്.

ശ്രീമതി ആരിഷാ ബീഗം, കാവിളയിൽ, കടത്തൂർ, കെ എസ് പുരം പി.ഓ, കൊല്ലം മേൽവിലാസക്കാരി സർവീസിൽ പ്രവേശിച്ച 10/09/2018 പൂർവ്വാഹ്നം മുതൽ 2 വർഷത്തിൽ തുടർച്ചയായ 1 വർഷത്തെ സേവനകാലം പ്രൊബേഷൻ കാലയളവായി കണക്കാക്കുന്നതാണ്.

19-09-2018

എസ് സുരേന്ദ്രൻ ഐ പി എസ്,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീമതി ആരിഷാ ബീഗം, കാവിളയിൽ, കടത്തൂർ, കെ എസ് പുരം പി.ഓ, കൊല്ലം

പകർപ്പ് : സംസ്ഥാന പോലീസ് മേധാവി

ദക്ഷിണ മേഖല എ.ഡി.ജി.പി

കൊച്ചിൻ റേഞ്ച് ഐ.ജി

സീനിയർ എ.എ./ ഭരണ വിഭാഗം ഡി.വൈ.എസ.പി/ മാനേജർ/ അക്കൌണ്ട്സ് ഓഫീസർ/ എല്ലാ ജെ.എസ്സ്മാർക്കും, സെക്ഷനുകൾക്കും

സൈബർ സെൽ എസ്.ഐ - ജില്ല പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

A2-7001/2018/A

0f6b92